# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

സെപ്റ്റംബർ 07 ചൊവ്വ 2021

Volume: 1, Issue:14

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# 72% കോവിഡ് വീടുകളിൽ നിന്ന്



വാക്സിനേഷൻ ക്യാമ്പിൽ നിന്നും വാക്സിൻ സ്വീകരിക്കുന്നയാൾ

**മിൻസിയ**

അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന കോവിഡ് ബാധിതരിൽ ഭൂരിഭാഗവും വീടുകളിൽ നിന്ന് രോഗം ബാധിച്ചവർ. അങ്ങാടിക്കടവ് ആരോഗ്യ കേന്ദ്രത്തിനു കീഴിൽ വരുന്ന സ്ഥലങ്ങളിൽ രോഗികളുടെ എണ്ണം മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടിയിട്ടുണ്ട്.

വീടുകളിൽ നിന്ന് കോവിഡ് വ്യാപിക്കുന്നത് തടയാൻ വേണ്ടി റൂം ക്വാറന്റൈൻ രീതി ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്, എങ്കിലും ആളുകൾ അത് കൃത്യമായി പാലിക്കുന്നില്ല. രോഗം ബാധിച്ച വ്യക്തിയുമായി വീട്ടിലെ മറ്റു അംഗങ്ങൾ ഇടപഴകുന്നതിനാലാണ് രോഗബാധിതരുടെ എണ്ണം കൂടുന്നത്. കല്യാണ പരിപാടികളിലും, മരണ ചടങ്ങുകളിലും, സർക്കാർ നിർദ്ദേശം പാലിക്കാതെ കൂടുതൽ ആളുകൾ പങ്കെടുക്കുന്നു. കൃത്യമായ സാമൂഹിക അകലം പാലിക്കാതെയും, മാസ്കും വേണ്ട ശുചീകരണങ്ങൾ ഇല്ലാതെയുമാണ് ഇത്തരം പരിപാടികൾ നടക്കുന്നത്.

'ആളുകൾ കോവിഡിനെ നിസ്സാരമായി കാണാൻ തുടങ്ങി. മുമ്പ് ഉണ്ടായിരുന്ന പേടി ഇപ്പോൾ ഇല്ല. 60% ആളുകളാണ് അങ്ങാടിക്കടവിൽ വാക്സിൻ സ്വീകരിച്ചിട്ടുള്ളത്. ശ്രദ്ധിച്ചില്ലെങ്കിൽ വാക് സിൻ എടുത്തവർക്കും രോഗം വരും. വീടിനകത്തും പുറത്തും ജനങ്ങൾ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. മറ്റു സംസ്ഥാനങ്ങളിലേതുപോലെ എല്ലാവർക്കും രോഗം വന്നിട്ട് ഒരു പ്രതിരോധം ലഭിക്കുന്ന അവസ്ഥയിലേക്കാണ് ഇപ്പോൾ പോകുന്നത്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചാൽ രോഗം നിയന്ത്രിച്ച് ഇല്ലാതാക്കാം'. ഹെൽത്ത് ഇൻസ്പെക്ടർ ബി. ബി രാജേഷ് പറഞ്ഞു.

## നിർദ്ദേശങ്ങൾ

* പുറത്തു പോയി വന്നാൽ കുളിക്കുക.
* സാധനങ്ങൾ വാങ്ങിയാൽ അണുവിമുക്തമാക്കിയ ശേഷം ഉപയോഗിക്കുക.
* പനി, ജലദോഷം പോലെ രോഗലക്ഷണങ്ങൾ ഉണ്ടായാൽ ഉടനെ തന്നെ വൈദ്യപരിശോധന നടത്തുക.
* രോഗ ലക്ഷണം ഉള്ളവർ വീടിനകത്തും മാസ്ക്ക് ധരിക്കുക.
* കോവിഡ് സ്ഥിരീകരിച്ചാൽ വീടുകളിൽ ഐസൊലേഷൻ ചെയ്യുക.
* രോഗം ബാധിച്ച വ്യക്തി ഉപയോഗിക്കുന്ന സാധനങ്ങൾ മറ്റുള്ളവർ ഉപയോഗിക്കാതിരിക്കുക.
* കൂടുതൽ ആരോഗ്യ പ്രശ്നമുണ്ടായാൽ ആശുപത്രിയിലേക്ക് മാറുക.

# അയ്യൻകുന്നിൽ ട്രിപ്പിൾ



കോവിഡ് വ്യാപനം കൂടി വരുന്ന സാഹചര്യത്തിൽ അയ്യൻകുന്ന് പഞ്ചായത്തിൽ ട്രിപ്പിൾ ലോക്ക്ഡൗൺ (സെപ്റ്റംബർ 6 മുതൽ 12 വരെ) പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു.

**പ്രധാന നിർദേശങ്ങൾ:**

**1.** കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേന്ദ്ര, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയ്ക്ക് അവശ്യമായ ജീവനക്കാരെ ഉൾപ്പെടുത്തി പ്രവർത്തിക്കാവുന്നതാണ്.

**2.** അടിയന്തരവും അവശ്യ സേവന വിഭാഗത്തിൽപെടുന്ന 24 മണിക്കൂറും തുടർപ്രവർത്തനം ആവശ്യമുള്ള വ്യാപാരസ്ഥാപനങ്ങൾ, കമ്പനികൾ എന്നിവ തുറന്നു പ്രവർത്തിക്കാവുന്നതാണ്. ജീവനക്കാർക്ക് അതാത് സ്ഥാപനങ്ങളിലെ തിരിച്ചറിയൽ കാർഡുപയോഗിച്ച് യാത്ര ചെയ്യാം.

**3.** ടെലികോം, ഇന്റർനെറ്റ് സേവന ദാതാക്കളുടെ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അതാത് സ്ഥാപനങ്ങളുടെ തിരിച്ചറിയൽ കാർഡ് കയ്യിൽ കരുതി യാത്ര ചെയ്യാം.

**4.** ബാങ്കുകൾ തിങ്കൾ, ബുധൻ,വെള്ളി ദിവസങ്ങളിൽ പൊതു ജനങ്ങൾക്കായി തുറന്നു പ്രവർത്തിക്കുന്നതാണ്.

**5.** പാൽ, പഴം, പച്ചക്കറി, ബേക്കറി, പലചരക്ക്, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ രാവിലെ 7 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്നതാണ്. അവശ്യവസ്തുക്കളുടെ ഹോം ഡെലിവറി പ്രോത്സാഹിപ്പിക്കുക വഴി ആളുകളുടെ സഞ്ചാരം പരമാവധി പരിമിതപ്പെടുത്തേണ്ടതാണ്.

**6.** ഹോട്ടലുകളിൽ നിന്നും രാവിലെ 7 മണി മുതൽ 9 മണിവരെ ഹോം ഡെലിവറി മാത്രം. പാഴ്സൽ ഉൾപ്പെടെയുള്ള മറ്റ് സേവനങ്ങൾ അനുവദനീയമല്ല.

**7.** ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിപ്പ് നൽകിയതിനുശേഷം കോവിഡ് മാനദണ്ഡം പാലിച്ച് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

**8.** നേരത്തെ നിശ്ചയിച്ചിട്ടുള്ള വിവാഹം, ഗൃഹപ്രവേശം എന്നീ ചടങ്ങുകൾ ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതും പരമാവധി 20 പേരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തേണ്ടതുമാണ്.

# മികച്ച ചികിത്സയൊരുക്കി ഹോമിയോ ഡിസ്പെൻസറി

**ഐശ്വര്യ സി ജേക്കബ്**

രണ്ടാംകടവ്: കോവിഡാനന്തര രോഗികൾക്ക് മികച്ച ചികിത്സാ സൗകര്യമൊരുക്കി ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി വാണിയപ്പാറ. കോവിഡാനന്തര രോഗികൾക്ക് മാത്രമല്ല എല്ലാവിധ രോഗങ്ങൾക്കും ഇവിടെ ചികിത്സ ലഭ്യമാണ്. വന്ധ്യത ചികിത്സയും, മദ്യപാനത്തിന് അടിമകളായിട്ടുള്ളവർക്കുള്ള ചികിത്സയും നൽകുന്നു.

'കോവിഡാനന്തര രോഗികൾക്ക് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം പോസ്റ്റ് കോവിഡ് ഒ പി എല്ലാ ദിവസവും ഇവിടെയുണ്ട്. കോവിഡാനന്തര രോഗികൾക്ക് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ഏറ്റവും നല്ല മരുന്ന് ഹോമിയോപ്പതിയിലാണുള്ളത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തുതലത്തിൽ പ്രതിരോധമരുന്നുകൾ ആശാവർക്കർമാരുടെയും മെമ്പർമാരുടെയും സഹകരണത്തോടെ നൽകുന്നുണ്ട്' ഡോ. അമൃത. ആർ. പറഞ്ഞു.

പഞ്ചായത്തിലെ തന്നെ ഏറ്റവും ഗ്രാമപ്രദേശമായ സ്ഥലമായതിനാൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടുണ്ട് അതുകൊണ്ടു തന്നെ വാണിയപ്പാറ , അങ്ങാടികടവ്, തുടിമരം, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് ആളുകൾ കൂടുതലായി വരുന്നത്'. ഫാർമസിസിസ്റ്റ് ജിതേഷ് എം. കെ. പറഞ്ഞു.

കുട്ടികളുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങളെ അതി ജീവിക്കാനും അവരെ വളർത്തിക്കൊണ്ടുവരാനുമുള്ള പദ്ധതിയാണ് 'സദ്ഗമയ'. ഇത്, കൂടുതലായും കേന്ദ്രീകരിച്ചിരിക്കുന്നത് കൗമാരപ്രായക്കാരെയാണ്. എല്ലാ ശനി യാഴ്ചയും 12 മുതൽ 2 മണി വരെയാണ് പദ്ധതിയുടെ സമയം. 'കോവിഡിന് മുൻപ് ബസ് ഉണ്ടായിരുന്ന സമയത്ത് കുറച്ചുകൂടി ആളുകൾ എത്തിയിരുന്നെങ്കിലും പഞ്ചായത്തിലെ തന്നെ ഏതെങ്കിലും ടൗണുകളിൽ ആയിരുന്നെങ്കിൽ കൂടുതൽ ആളുകൾക്ക് ചികിത്സാ സൗകര്യം ലഭിക്കുമായിരുന്നു'. ഓഫീസ് അസിസ്റ്റന്റ് ഷുക്കൂർ ടി. പി. പറഞ്ഞു.




വാണിയപ്പാറയിലെ ഹോമിയോ ഡിസ്പെൻസറി

**ചികിത്സകളും-പദ്ധതികളും**

'ജനനി' എന്ന പദ്ധതി ഹോമിയോപ്പതി വകുപ്പിന്റെ വന്ധ്യത നിവാരണ ചികിത്സയാണ്. ചിലവ് കുറഞ്ഞതും പാർശ്വഫലങ്ങളില്ലാത്തതും വന്ധ്യത മേഖലയിൽ വളരെയധികം സാധ്യതയുള്ളതുമാണ് ഹോമിയോ ചികിത്സ. എന്നാൽ കൂടുതൽ പേരും ഇതിനെക്കുറിച്ച് ബോധവാന്മാരല്ല. ചികിത്സാമാർഗങ്ങളായ ഐ വി എഫ് (ഇൻ വിട്രോ ഫെർട്ടിലൈസേഷൻ അഥവാ കൃത്രിമ ബീജസങ്കലനം) ഐ സി എസ് ഐ (ഇൻട്രാ സൈറ്റോപ്ലാസ്മിക് സ്പേം ഇഞ്ചക്ഷൻ) ഐയുഐ (ഇൻസ്ട്രുറ്റെറിട്ടൻ ബീജ സങ്കലനം) ഉൾപ്പെടെ അവലംബിച്ചിട്ട് ലക്ഷ്യം കാണാത്തവർ ഹോമിയോപ്പതിയിലൂടെ ലക്ഷ്യം കണ്ടിട്ടുണ്ട്. 'ഐ വി എഫ് , ഹൈബ്രോയിഡ് (ഗർഭാശയ മുഴകൾ) ചികിത്സ കഴിഞ്ഞ കേസുകൾക്ക് പോലും നല്ല വിജയം ലഭിക്കുന്നുണ്ട് . ജനനി പദ്ധതിയുടെ ചികിത്സ സൗകര്യം വാണിയപ്പാറയിൽ നൽകുകയും വിജയം കാണുകയും ചെയ്തിട്ടുണ്ട്'. ഡോ അമൃത ആർ പറഞ്ഞു.

സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള സീതാലയം പദ്ധതിയും എല്ലാ ദിവസം 12 മുതൽ 3 മണി വരെ നടത്തുന്നുണ്ട്. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് ആർത്തവത്തിനു ശേഷം ഉണ്ടാകുന്ന മാനസിക പ്രശ്നങ്ങൾക്ക് കൗൺസലിങ്ങും, നിരാലംബരായ സ്ത്രീകൾക്ക് ധന സഹായവും താമസസൗകര്യവും നൽകുന്നതുമെല്ലാം ഈ പദ്ധതിയുടെ ഭാഗമാണ്.

**അറിയിപ്പ്: പിജി യൂണിവേഴ്സിറ്റി പരീക്ഷ ആരംഭിക്കുന്നതിനാൽ അടുത്ത ലക്കം അങ്ങാടിപ്പത്രം ഒക്ടോബർ 12 നായിരിക്കും പ്രസിദ്ധീകരിക്കുന്നത്.**

### കലിങ്ക് നിർമ്മാണം ആരംഭിച്ചു

# ആശങ്കകൾക്ക് അറുതി




ഡോൺ ബോസ്കോ കോളേജിന് സമീപം കലുങ്ക് നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

- **എടൂർ – പാലത്തിൻക്കടവ് റോഡിന്റെ നിർമ്മാണം പുരോഗമിക്കുന്നു.**
- **ആദ്യഘട്ടം നിർമ്മിക്കുന്നത് 47 പ്രധാന കലിങ്കുകൾ.**
- **പദ്ധതി റോഡിൽ പുതിയ പാലങ്ങളില്ല**

**ജോബിൻ ജേക്കബ്**

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പുനർനിർമ്മിക്കുന്ന എടൂർ – പാലത്തിൻകടവ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആനപ്പന്തി – അങ്ങാടിക്കടവ് റോഡിലെ കലിങ്കുകളാണ് ആദ്യഘട്ടത്തിൽ പൊളിച്ചു പണിയുന്നത്. നിലവിലുള്ള കലിങ്കുകൾ പൊളിച്ച് വാഹന ഗതാഗതം റോഡിന്റെ ഒരു വശത്തുകൂടി ക്രമീകരിച്ചുകൊണ്ടാണ് ജോലികൾ പുരോഗമിക്കുന്നത്.

രണ്ട് കാര്യങ്ങൾ പരിശോധിച്ചതിന് ശേഷമാണ് കലിങ്കുകൾ പുനർനിർമ്മിക്കുന്നത്. കലിങ്കിന്റെ അടിയിലൂടെ നിശ്ചിത അളവ് വെള്ളം ഒഴുകി പോകാനുള്ള സൗകര്യമുണ്ടോ എന്ന് പരിശോധിക്കും. രണ്ടാമതായി, നിലവിലുള്ള കലിങ്കിന്റെ വീതി റോഡിന്റെ വീതിക്ക് അനുസൃതമാണോ എന്ന് പരിശോധിക്കും.

'ഒന്നര മുതൽ രണ്ട് മീറ്റർ വരെ ഉയരവും രണ്ട് മീറ്റർ വീതിയുമുള്ള 47 കലിങ്കുകളാണ് എടൂർ – പാലത്തിൻകടവ് റോഡിൽ പുതിയതായി നിർമ്മിക്കുന്നത്. പദ്ധതിയിലെ പ്രധാന റോഡിനോട് ചേർന്നുള്ള കണക്ഷൻ റോഡിലൂടെ ഒഴുകി വരാൻ സാധ്യതയുള്ള വെള്ളത്തെ ഉൾകൊള്ളുന്ന അൻപത്തിരണ്ടോളം ചെറിയ കലിങ്കുകളും ഇതിനോടൊപ്പം നിർമ്മിക്കും. 'എടൂർ – പാലത്തിൻകടവ് കെ എസ് ടി പി പദ്ധതിയുടെ ഡിസൈനറായ ജോയി പി. കെ. പറഞ്ഞു. പദ്ധതി റോഡിൽ പുതിയ പാലങ്ങൾ ഉൾപ്പെടുന്നില്ല. വിദഗ്ധരുടെ അവലോകനങ്ങൾ പരിശോധിച്ചതിന് ശേഷം ആവശ്യമെങ്കിൽ മാത്രം പാലത്തിന്റെ വീതി കൂട്ടൽ, ബലപെടുത്തൽ എന്നിവയെക്കുറിച്ച് ചിന്തിക്കുകയുള്ളു, ജോയി പി. കെ. കൂട്ടിചേർത്തു.

'റോഡ് വികസനം നാടിന്റെ വളർച്ചയ്ക്ക് ആവശ്യമാണ്. പദ്ധതി റോഡ് ഏറെയും കടന്നു പോകുന്നത് അയ്യൻകുന്ന് പഞ്ചായത്തിന്റെ പരിധിയിലൂടെയാണ്. അതുകൊണ്ടാണ് സ്ഥല ഉടമകളുമായി ചർച്ചകൾക്കും പ്രശ്നപരിഹാരത്തിനുമായി പഞ്ചായത്ത് മുൻകൈ എടുത്തത്. റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്നതാണ്'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പിള്ളിക്കുന്നേൽ പറഞ്ഞു.

## എഡിറ്റോറിയൽ

# ഓൺലൈൻ അധ്യാപനം

കോവിഡ് കാലം നിറം കെടുത്തുന്ന അധ്യയന വർഷത്തിൽ ആരവങ്ങളില്ലാതെ ഒരു അധ്യാപക ദിനം കൂടി കടന്നു പോവുകയാണ്. മാതാപിതാക്കൾ കഴിഞ്ഞാൽ കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ അധ്യാപകരെ പോലെ സ്വാധീനം ചെലുത്തുന്ന മറ്റൊരു വിഭാഗം ഉണ്ടെന്നു തോന്നുന്നില്ല. ശിഷ്യസമ്പത്താണ് ഗുരുവിന്റെ ധനം. ഗുരുവിനെക്കാൾ വളർന്ന ശിഷ്യരാണ് അവരുടെ തേജസ്സ്. ഓൺലൈൻ കാലത്ത് കുട്ടികളനുഭവിക്കുന്ന മാനസിക സംഘർഷങ്ങളെക്കുറിച്ച് ആളുകൾക്കിടയിൽ വലിയ ചർച്ചകളുണ്ടായി. എന്നാൽ, നേരിൽ കാണാത്ത കുട്ടികളെ മൊബൈൽ സ്ക്രീനുകളിലൂടെ നോക്കി കണ്ട് അവർക്ക് പാഠം പഠിപ്പിച്ചു കൊടുക്കേണ്ടിവരുന്ന അധ്യാപകരുടെ ബുദ്ധിമുട്ടുകളെക്കുറിച്ച് ആരും വേണ്ടത്ര ചർച്ച ചെയ്യുന്നില്ല.

കുട്ടികൾ എഴുതി അയക്കുന്ന നോട്ടുകളും ഉത്തര പേപ്പറുകളും മൊബൈൽ സ്ക്രീനിന്റെ വെളിച്ചത്തിലിരുന്ന് ആയാസപ്പെട്ട് നോക്കി കൊടുക്കുന്നവരാണ് ഓൺലൈൻ കാലത്തെ പല അധ്യാപകരും. വിവിധ ദിനാചരണങ്ങളും ഓൺലൈൻ മത്സരങ്ങളുമായി അധ്യാപകർക്കാണ് കുട്ടികളെക്കാൾ സമയം ഓൺലൈനിൽ ചെലവഴിക്കേണ്ടി വരുന്നത്.

വർഷത്തിൽ ഏറ്റവും കൂടുതൽ അവധി ദിവസങ്ങളും സാമ്പത്തികമായ സുസ്ഥിരതയും ഉറപ്പുനൽകുന്ന തൊഴിൽ എന്നതിനപ്പുറം അധ്യാപനത്തെ സ്നേഹിക്കുന്നവർക്ക് ഈ ജോലി വലിയ വെല്ലുവിളി കൂടിയാണ്. വിദ്യാർഥികൾക്ക് പഠന സഹായം എത്തിച്ചുകൊടുത്തും അവരെ വീടുകളിൽ സന്ദർശിച്ചും പരമ്പരാഗത ക്ലാസ്സ് മുറികളുടെ നാല് ചുവരുകൾക്കുള്ളിൽ നിന്ന് പുറത്തേക്കിറങ്ങാൻ ധൈര്യം കാണിച്ചവരാണ് അങ്ങാടിക്കടവിലെയും ചരളിലെയും രണ്ടാംകടവിലെയും സ്കൂൾ അധ്യാപകർ. സർക്കാർ - എയ്ഡഡ് മേഖലയിലെ അധ്യാപകരെ ഒഴിച്ചുനിർത്തിയാൽ സാമ്പത്തികമായി അരക്ഷിതാവസ്ഥയിലായ ഒരു കൂട്ടം ആളുകളും ഈ തൊഴിൽ മേഖലയിലുണ്ട്. കോവിഡ് കാലത്ത് കുട്ടികളുടെ ഫീസ് കൃത്യമായി ലഭിക്കാത്തതിനാൽ സ്വകാര്യ സ്കൂൾ - കോളേജ് തലങ്ങളിലെ അധ്യാപകർക്ക് കൃത്യമായി ശമ്പളം കൊടുക്കാൻ മാനേജ്മെന്റിന് കഴിയാതെ വരുന്നതും അധ്യാപകരുടെ ജീവിതത്തെ ബുദ്ധിമുട്ടിലാക്കുന്നു. അറിവിന്റെ വെളിച്ചം പകരുന്ന എല്ലാ അധ്യാപകർക്കും അധ്യാപകദിനത്തിന്റെ ആശംസകൾ.

**'അവിടെ ഞാനാദ്യമായ് അക്ഷരപ്പൂവിലെ**
**ചെറുതേനെടുത്തു തേനീച്ചയെപോലെ**
**അതുവരെ കാണാത്ത ഗുരുവരൻ അറിവിന്റെ**
**മധുരം വിളമ്പിയിതിവിടെയല്ലേ' - (പി. ഭാസ്കരൻ)**

**- എഡിറ്റർ**

# ടീച്ചേഴ്സ് @ 2021

**അമൃത സുരേന്ദ്രൻ**

ഇന്ത്യയുടെ രണ്ടാമത്തെ പ്രസിഡന്റും വിദ്യാഭ്യാസ വിചക്ഷണനുമായ സർവേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്റ്റംബർ 5 നാണ് അധ്യാപകദിനമായി കൊണ്ടാടുന്നത്. കോവിഡ് കാലത്ത് അധ്യാപക - വിദ്യാർത്ഥി ബന്ധങ്ങളിൽ സമൂലമായ മാറ്റം സംഭവിച്ചിട്ടുണ്ട്. ക്ലാസ് മുറികളും പാഠം പഠിപ്പിക്കലും ഓൺലൈൻ രീതിയിലേക്ക് മാറ്റപ്പെട്ടത് ഇതിന് ഉദാഹരണങ്ങളാണ്. അധ്യാപകദിനം ആഘോഷിക്കുമ്പോൾ ഓൺലൈൻ കാലത്ത് തങ്ങളുടെ ജോലിയുടെ ഘടനയിൽ വന്ന മാറ്റങ്ങളെക്കുറിച്ച് അധ്യാപകർ ഓർത്തെടുക്കുകയാണ്. ഒപ്പം കോവിഡ് കാലത്തെ അധ്യാപനത്തെക്കുറിച്ച് വിദ്യാർത്ഥികൾ സംസാരിക്കുന്നു

'ഓഫ്‌ലൈൻ ക്ലാസ് സമയങ്ങളിൽ, കുട്ടികളുടെ ഭാവഭേദങ്ങൾ നോക്കി അവർക്ക് മനസ്സിലായോ ഇല്ലയോ എന്നറിയാൻ സാധിക്കും. എന്നാൽ ഓൺലൈൻ ക്ലാസ്സ് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മോശമായി ബാധിക്കും. ഇതിന്റെ മറ്റൊരു പ്രശ്നം ഓൺലൈൻ പരീക്ഷകളോ മറ്റ് അസൈൻമെന്റോ കൊടുത്താൽ അവർക്ക് പകർത്തി എഴുതാനുള്ള പ്രവണത കൂടുതലാണ്'.



**ശരത് കൃഷ്ണൻ - അധ്യാപകൻ, ഡോൺ ബോസ്കോ കോളേജ്**

'ഞാൻ പഠിപ്പിക്കുന്നത് ഉറുദു ആണ്. പൊതുവേ പഠിക്കാൻ പ്രയാസമുള്ളതും കൂടെ ഇരുത്തി പഠിപ്പിക്കേണ്ട ഒരു വിഷയമാണ്. ഇത് ഓൺലൈൻ ക്ലാസ്സിൽ സാധ്യമല്ല. അതിനാൽ തന്നെ ഓഫ്‌ലൈൻ ക്ലാസ് തന്നെയാണ് ഏക പോംവഴി'.



**ജോഷി ഗ്രേസ് അധ്യാപകൻ, അങ്ങാടികടവ്**

'ചെറിയ കുട്ടികൾ ആയതുകൊണ്ട് അവരെ കണ്ട് പഠിപ്പിക്കുന്നതും നേരിൽ കാണാതെ പഠിപ്പിക്കുന്നതും തമ്മിൽ ഒരുപാട് വ്യത്യാസം അനുഭവപ്പെടുന്നുണ്ട്. ക്ലാസ്സിൽ പെട്ടെന്ന് മനസ്സിലാവുന്നവരും ഇല്ലാത്തവരും ഉണ്ട്. അവർക്ക് വേണ്ടി പ്രത്യേകം ഹോം വിസിറ്റിങ്ങും വീഡിയോ കോളുകൾ നടത്തിയൊക്കെയാണ് പഠിപ്പിക്കുന്നത്. കോവിഡ് മാനദണ്ഡങ്ങൾ ഒക്കെ പാലിച്ച് വീടുകളിൽ ചെന്ന് കുട്ടികളുടെ നോട്ട്സ് ഒക്കെ പരിശോധിച്ച് അവർക്കുണ്ടാകുന്ന സംശയങ്ങളൊക്കെ മാറ്റാൻ ശ്രദ്ധിക്കുന്നുണ്ട്'.



**ജാൻസി മാത്യു - പ്രധാനാദ്ധ്യാപിക രണ്ടാംകടവ് എൽ പി സ്കൂൾ**

'കോറോണക്കാലം വിദ്യാർത്ഥികളായ ഞങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകളെയൊക്കെ മറികടക്കാൻ സാധിച്ചത് അധ്യാപകരുടെ സഹായത്തോടെയാണ്. ഓൺലൈൻ ക്ലാസുകൾ മാത്രം അറ്റൻഡ് ചെയ്ത് ഓഫ്‌ലൈനായി പരീക്ഷ എഴുതാൻ പോവുമ്പോഴും മോഡൽ എക്സാമുകൾ നടത്തി ഞങ്ങളെ ഒരുക്കിയത് അധ്യാപകരാണ്'.



**ഡെൽബിൻ ഡേവിസ് പ്ലസ് ടു വിദ്യാർഥി**

'ക്ലാസ്സ്മുറികളോട് വിട പറഞ്ഞ് സ്വന്തം വീട് മുറികളിലേക്ക് ഒതുങ്ങിയിരിക്കുന്ന ഈ സാഹചര്യത്തിൽ എല്ലാ ബുദ്ധിമുട്ടുകളിലും ഞങ്ങൾക്ക് കൈത്താങ്ങാകുന്ന അധ്യാപകരെ ഞാൻ ഓർക്കുന്നു. ഈ അധ്യാപക ദിനത്തിൽ ഞങ്ങളുടെ സ്വപ്നങ്ങൾക്ക് നിറം പകരുന്ന അധ്യാപരോട് ഒരായിരം നന്ദി.



**ദിയ എസ് നൈനാൻ - വിദ്യാർഥിനി ഡോൺ ബോസ്കോ കോളേജ്**

**അക്ഷരങ്ങളെ സ്നേഹിക്കാനും... അഗ്നിപോലെ ജ്വലിപ്പിക്കാനും.. ഞങ്ങളെ പഠിപ്പിക്കുന്ന ഡോൺ ബോസ്കോയിലെ എല്ലാ അധ്യാപകർക്കും അധ്യാപകദിനത്തിന്റെ ആശംസകൾ**

**- ടീം അങ്ങാടിപത്രം**

# ഹരിത കർമ്മസേന റീ - ലോഡഡ്

**വിപിൻ വില്ല്യം**

സംസ്ഥാന സർക്കാരിന്റെ 'ശുചിത്വ മിഷൻ' മാലിന്യ ശേഖരണ പദ്ധതി അയ്യൻകുന്ന് പഞ്ചായത്തിൽ വീണ്ടും പ്രവർത്തനമാരംഭിച്ചു. ഹരിതകർമ്മ സേനാംഗങ്ങൾ വഴിയാണ് അജൈവ പാഴ് വസ്തുക്കളുടെ ശേഖരണം. പഞ്ചായത്തിന്റെ കീഴിലുള്ള ഈ സേനക്ക് മാലിന്യ ശേഖരണത്തിനുള്ള സാധന സാമഗ്രികളും ട്രെയിനിങ്ങും നൽകുന്നത് പഞ്ചായത്താണ്.

സംസ്ഥാന സർക്കാരുമായി കരാറിലേർപ്പെട്ട 'ക്ലീൻ കേരള കമ്പനിയാണ്' മാലിന്യങ്ങൾ ശേഖരിച്ച് നിർമ്മാർജനം ചെയ്യുന്നത്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചതിന് ശേഷം രണ്ടാം കടവിലുള്ള എം.സി.ഫ് (മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി) ലേക്ക് എത്തിക്കും. പിന്നീട് ആവിടെ നിന്നും സംസ്കരണത്തിനായി കൊണ്ടുപോകും.

മാസത്തിൽ ഒരു തവണയാണ് വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യത്തോടൊപ്പം മറ്റ് അജൈവ വസ്തുക്കളും ശേഖരിക്കുന്നത്. ഇതിന് വീടുകളിൽ നിന്നും ഓരോ മാസവും 50 രൂപ കർമ്മ സേനക്ക് ഫീസായി നൽകണം. ഫീസ് നൽകാത്തവർക്കും ഇതുമായി സഹകരിക്കാത്തവർക്കും പഞ്ചായത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കുകയില്ല. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിച്ചു കളയുന്നവർ പിഴ നൽകണമെന്നാണ് സർക്കാരിന്റെ നിർദ്ദേശം.

സാധാരണ ജനങ്ങളെ സംബന്ധിച്ചെടുത്തോളം എല്ലാമാസവും പ്ലാസ്റ്റിക്കുകളും അജൈവ പാഴ് വസ്തുക്കൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും എല്ലാ വീടുകളും 50 രൂപ ഫീസായി നൽകണമെന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ജോജോ ജോസഫ് പറഞ്ഞു.

അജൈവ മാലിന്യ ശേഖരണത്തിന് ഓരോ മാസവും വീടുകളിൽ നിന്ന് 50 രൂപ ഫീസായി ശേഖരിക്കണമെന്ന് സർക്കാറിന്റെ നിർദേശമാണ്. അതിനെ മറികടന്ന് പ്രവർത്തിക്കാൻ പഞ്ചായത്തിന് സാധിക്കില്ല'. പഞ്ചായത്ത് വികസന സമിതി ചെയർപേഴ്സൺ മിനി വിശ്വനാഥ് പറഞ്ഞു.

കഴുകി ഉണക്കിയ പ്ലാസ്റ്റിക്കുകളും മറ്റ് അജൈവ പാഴ് വസ്തുക്കും മാത്രമാണ് ഹരിത കർമ്മസേനാംഗങ്ങൾ ശുചിത്വ മിഷന്റെ ഭാഗമായി ശേഖരിക്കുന്നത്. മഴക്കാലത്ത് ഇത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടാണ്. അതുപോലെ പൊതുനിലങ്ങളിൽ കാണുന്ന അജൈവ പാഴ് വസ്തുക്കൾ ശുചിത്വ മിഷൻ ശേഖരിക്കുന്നില്ല. ഇത് എന്തു ചെയ്യും എന്നുള്ള സംശയവും പൊതുജനങ്ങൾ ഉയർത്തുന്നുണ്ട്.

'കോവിഡിന് ശേഷം ഹരിത കർമ്മ സേനയുടെ പ്രവർത്തനം വീണ്ടും ജനങ്ങളുടെ സഹകരണത്തോടെ ആരംഭിച്ചു. പഞ്ചായത്തിന്റേതായ ഒരു നിയമങ്ങളും ഈ പദ്ധതിക്കില്ല. ശുചിത്വ മിഷന്റെ നിർദ്ദേശങ്ങൾ അനു സരിച്ച് പഞ്ചായത്ത് പ്രവർത്തിക്കുന്നു'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

എല്ലാ മാസവും വീടുകളിൽ കയറി അജൈവ വസ്തുക്കൾ ശേഖരിക്കണമെന്നാണ് നിർദേശം. എന്നാൽ കോവിഡ് കാരണം ചില സ്ഥലങ്ങളിൽ അത് സാധിക്കുന്നില്ല'. ഹരിത കർമ്മ സേനാംഗമായ ലിസി പാണ്ടിയപ്പള്ളി പറഞ്ഞു.

# മത്സ്യകൃഷിയിൽ നൂറുമേനി

**അനുശ്രീ കെ**

കോവിഡിൽ വലയുന്ന ജീവിതങ്ങൾക്കിടയിൽ, കോവിഡ് കരകയറ്റിയ മറ്റൊരു ജീവിത കഥയാണ് അയ്യൻകുന്ന് പഞ്ചായത്തിന്റെ മികച്ച മത്സ്യകൃഷി കർഷകനുള്ള അവാർഡ് ലഭിച്ച അങ്ങാടിക്കടവ് സ്വദേശി വിൽസൺ പ്ലാത്തോട്ടത്തിലിനു പറയാനുള്ളത്.

പതിനൊന്നു വർഷത്തെ പ്രവാസ ജീവിതത്തിനു ശേഷം നാട്ടിലെത്തിയ വിൽസണ് പരമ്പരാഗതമായി കൈമാറി വന്നിരുന്ന കൃഷി തന്നെയായിരുന്നു ആശ്രയം. ലോക്ഡൗൺ സമയത്ത് കണ്ണൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ നിന്നായി ലഭിച്ച മത്സ്യകൃഷിയുടെ ക്ലാസ്സുകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് ഇദ്ദേഹം മത്സ്യകൃഷി ആരംഭിക്കുന്നത്.

കട്ട്ള, രോഹു, മൃഗാൾ, വാള, ഫിലോപ്പിയ തുടങ്ങി ഒൻപതിനം മത്സ്യങ്ങളെയാണ് വിൽസൺ നിലവിൽ വളർത്തുന്നത്. ഇതിൽ ഫിലോപ്പിയ തന്നെ അഞ്ചു തരത്തിൽ ഉള്ളവയുണ്ട്.

'നാച്ചുറൽ പോണ്ടിങ്, ടാർപോളിൻ ഉപയോഗിച്ച് നിർമിച്ച കുളം എന്നിവയിലാണ് മത്സ്യകൃഷി നടത്തി വരുന്നത്. ടാർപോളിൻ ഉപയോഗിച്ച് നിർമിച്ച കുളത്തിൽ അമോണിയം ക്രിയേഷൻ, നൈട്രജൻ ഒന്നും തന്നെ ഉണ്ടാകാതെ ശ്രദ്ധിക്കണം. എയറേഷൻ ഉറപ്പുവരുത്തി വെള്ളം ചീത്തയാകാതെ സൂക്ഷിക്കുക, ഭക്ഷണം കൃത്യമായി നൽകുക എന്നത് വളരെ സുപ്രധാനമായ ഒന്നാണ്. രാവിലെ ഏഴു മണിക്കും വൈകുന്നേരം ആറു മണിക്കുമാണ് മത്സ്യങ്ങൾക്ക് ഭക്ഷണം നൽകാറുള്ളത്. പെനറ്റിസൈഡ് ആണ് നൽകുക. ഇടസമയങ്ങളിൽ അസോളയും നൽകുന്നു. മത്സ്യങ്ങൾക്ക് നൽകുന്നതിനായി അഞ്ചുതരം അസോളയും ഇവിടെ വളർത്തുന്നു. രണ്ടു കിലോയോളം പൂർണവളർച്ച എത്തിയ മത്സ്യങ്ങളെ ലഭിക്കാറുണ്ട്. മൂന്ന് ടൺ മത്സ്യമാണ് അടുത്ത വർഷത്തേക്കുള്ള ലക്ഷ്യം'. വിൽസൺ പറഞ്ഞു.



വിൽസൺ പ്ലാത്തോട്ടത്തിൽ തന്റെ മീൻകുളത്തിനരികെ

ഫിഷറീസിൽ നിന്ന് ലഭിച്ച നല്ലൊരു ശതമാനം സാമ്പത്തിക സഹായമാണ് ഇദ്ദേഹത്തെ മത്സ്യകൃഷിയിൽ ഉയർന്ന വിജയത്തിലേക്ക് എത്തിച്ചത്. പല സ്കീമുകളിലും ഉൾപ്പെടുത്തി, ഗുണമേന്മയുള്ള മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി നൽകി. ഫിഷറീസിന്റെ എല്ലാ ട്രെയിനിങ്ങിലും പങ്കെടുക്കാറുണ്ട്. മത്സ്യങ്ങളുടെ പ്രത്യുല്പാദനം എങ്ങനെ എന്നതുൾപ്പെടെ എല്ലാം അവർ പഠിപ്പിച്ചിട്ടുണ്ട്, വിൽസൺ വ്യക്തമാക്കി.

കണ്ണൂരിലെ പ്രൊഡ്യൂസേഴ്സ് യൂണിയനുമായി ചേർന്ന് ഹോൾസെയിൽ വിൽപ്പനയാണ് വിൽസൺ നടത്തി വരുന്നത്. എന്നാൽ വരും കാലങ്ങളിൽ റീടെയിൽ ആക്കാനും വിൽസണ് ഉദ്ദേശമുണ്ട്.

മത്സ്യകൃഷിക്ക് പുറമെ വിൽസൺ മികച്ചൊരു ക്ഷീരകർഷകൻ കൂടിയാണ്. മൂന്ന് വർഷം മുൻപ് അയ്യൻകുന്ന് പഞ്ചായത്തിലെ തന്നെ മികച്ച ക്ഷീരകർഷകനായി തിരഞ്ഞെടുത്തതും വിൽസൺ പ്ലാത്തോട്ടത്തിലിനെ ആയിരുന്നു. എന്നാൽ വർഷങ്ങളായി നടത്തി വന്ന കന്നുകാലി കൃഷിയിൽ നിന്നും ലാഭത്തിലുമുപരി നഷ്ടങ്ങൾ വന്നുചേർന്നപ്പോൾ, വിൽസണ് അത് അവസാനിപ്പിക്കേണ്ടി വന്നു. 'അൻപത്തിരണ്ടു വയസായ തനിക്ക് വലിയ രീതിയിലുള്ള ശാരീരികാധ്വാനം സാധ്യമല്ലാത്ത ഈ സാഹചര്യത്തിൽ സാമ്പത്തിക ഉന്നമനം ലക്ഷ്യം വച്ചാണ് മത്സ്യകൃഷി ആരംഭിച്ചത്'. വിൽസൺ പ്ലാത്തോട്ടത്തിൽ പറഞ്ഞു. കൂടാതെ മുയൽ, കോഴി തുടങ്ങിയവയെയും വളർത്തുന്നു. ഏഴു വർഷമായി വിൽസൺ പൂർണമായും ജൈവകൃഷി ആണ് പിൻതുടരുന്നത്.

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഇത്തവണത്തെ മികച്ച കർഷകനുള്ള അവാർഡും വിൽസൺ പ്ലാത്തോട്ടത്തിലിനായിരുന്നു. നിലവിൽ വിൽസൺ പാലത്തുംകടവ് സൊസൈറ്റിയുടെ പ്രസിഡന്റ് ആണ്. ഇതിനെല്ലാം പുറമെ ഇദ്ദേഹം പൊതുപ്രവർത്തന രംഗത്തും സജീവമാണ്.

BENHILL
ENGLISH SCHOOL
SENIOR SECONDARY
Affiliated to the CBSE board (Central Board of Secondary Education)
Code:930593
IRITTY, KANNAUR, KERALA - 8547529788, 9188724788
E-mail: benhillenglishschool@gmail.com



For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവീൺ പി. എഫ്. | എഡിറ്റർ ഇൻ ചാർജ്: ജോബിൻ ജേക്കബ് | സബ് എഡിറ്റേഴ്സ്: വിപിൻ വില്ല്യം, അമൃത സുരേന്ദ്രൻ, അനുശ്രീ കെ, മിൻസിയ, ഐശ്വര്യ സി | ഫോട്ടോഗ്രാഫേഴ്സ്: ജോബിൻ ജേക്കബ്, അനുശ്രീ കെ | ഡിസൈനർ: വിപിൻ വില്ല്യം